**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 140** **30-06-2026-ൽ മറുപടിയ്ക്ക്**

**തോട്ടങ്ങളിൽ ഫലവൃക്ഷ കൃഷി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. വി. ടി. ബൽറാം

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ടോണി ചമ്മണി

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** തോട്ടങ്ങളുടെ അടിസ്ഥാന സ്വഭാവം നിലനിർത്തിക്കൊണ്ട് ഫലവൃക്ഷ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

**മറുപടി:** തോട്ടങ്ങളുടെ അടിസ്ഥാന സ്വഭാവം നിലനിർത്തിക്കൊണ്ട് ഫലവൃക്ഷ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 2(44) പ്രകാരം തേയില, കാപ്പി, കൊക്കോ, ഏലം, റബ്ബർ, കറുവപ്പട്ട എന്നിവ കൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഭൂമിയാണ് തോട്ടഭൂമിയായി നിർവചിച്ചിട്ടുള്ളത്. ഉയർന്ന വാണിജ്യസാധ്യതയുള്ള ഫലവിളകൾ പ്ലാന്റേഷൻ ഭൂമിയിൽ കൃഷി ചെയ്യുന്നതിന് നിലവിൽ നിയമപരമായ പരിമിതികളുണ്ട്. വിഷൻ 2031 ൽ ഉൾപ്പെടുത്തി തോട്ടങ്ങളിൽ ഫലപ്രദമായ ഭൂവിനിയോഗം ഉറപ്പുവരുത്താനും, മുന്തിയ ഇനം പഴങ്ങൾ കൃഷി ചെയ്യാനും, ഭൂപരിഷ്കരണ നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരാനും സർക്കാർ ലക്ഷ്യമിടുന്നു.

തോട്ടങ്ങളുടെ അടിസ്ഥാന സ്വഭാവം നിലനിർത്തിക്കൊണ്ട് ഭൂവിനിയോഗ കാര്യക്ഷമതയും വരുമാന വർദ്ധനവും ഉറപ്പാക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിൽ ഫലവൃക്ഷ കൃഷിയും ഇടവിള കൃഷിയും പ്രോത്സാഹിപ്പിച്ചു വരുന്നു. പ്രധാന തോട്ടവിളകൾക്ക് യാതൊരു ഭംഗവും വരുത്താതെ കുറഞ്ഞ പരിപാലന ചെലവും ഉയർന്ന സാമ്പത്തിക പ്രതിഫലവും നൽകുന്ന ഫലവിളകൾക്ക് മുൻഗണന നൽകിക്കൊണ്ട് അനുയോജ്യമായ വിളകൾ ഉൾപ്പെടുത്തി അനുവദനീയമായ വിസ്തൃതിയിൽ വിള വൈവിധ്യവത്കരണവും നടപ്പാക്കിവരുന്നു. കേരളത്തിലെതോട്ടംമേഖലയിലെവൈവിധ്യവൽക്കരണവുംനവീകരണവുംസംബന്ധിച്ച്ഇന്ത്യൻഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IIM)കോഴിക്കോട് നടത്തിയ പഠനറിപ്പോർട്ടിൽ, നിലവിൽഅനുവദനീയമായവിളകൾക്ക്പുറമേ മറ്റ് ദീർഘകാലവിളകളും കൃഷി ചെയ്യുന്നതിന് അനുമതി നൽകുന്നതിനുള്ള നിയമഭേദഗതി നടപ്പിലാക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. തോട്ടം ഭൂമിയിൽ വിള വൈവിധ്യവൽക്കരണം നടപ്പിലാക്കുന്നതിന് 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 81(4)-ൽ ഭേദഗതി വരുത്തി കൂടുതൽ ഇളവുകൾ അനുവദിക്കുന്നതിനും, നിലവിലുള്ള വിളകൾക്ക് പുറമെ കുറഞ്ഞത് 10 വർഷം ആയുർദൈർഘ്യമുള്ള ലാഭകരമായ മറ്റ് വിളകൾ കൂടി കൃഷി ചെയ്യാൻ അനുവദിക്കുന്നതിനായി സെക്ഷൻ 2(44)-ൽ ഭേദഗതി വരുത്തുന്നതിനുമായുള്ള നിർദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

നിയമഭേദഗതികൾ പ്രാബല്യത്തിൽ വരുന്നതോടെ കൃഷി വകുപ്പിനു കീഴിലുള്ള വിവിധ പദ്ധതികളിലും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള (SHM-Kerala) മുഖേന നടപ്പാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിലും ഉൾപ്പെടുത്തി ഫലവൃക്ഷ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

ഫലകൃഷി ഉൾപ്പടെയുള്ള കാർഷിക പ്രവർത്തനങ്ങളിൽ സ്ത്രീകളെ ശാക്തീകരിക്കുന്ന തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിനും സർക്കാർ ആലോചിക്കുന്നുണ്ട്.

തോട്ടങ്ങളുടെ അടിസ്ഥാന സ്വാഭാവം നിലനിർത്തിക്കൊണ്ട് ഭൂവിനിയോഗ കാര്യക്ഷമതയും വരുമാന വർധനവും ഉറപ്പാക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിൽ ഫലവൃക്ഷ കൃഷിയും ഇടവിള കൃഷിയും പ്രോത്സാഹിപ്പിച്ചുവരുന്നു. പ്രധാന തോട്ടവിളകൾക്ക് യാതൊരുവിധ ഭംഗവും വരുത്താതെ കുറഞ്ഞ പരിപാലന ചെലവും

ഉയർന്ന സാമ്പത്തിക പ്രതിഫലവും നൽകുന്ന ഫല വിളകൾക്ക് മുൻഗണന നൽകിക്കൊണ്ട് അനുയോജ്യമായ വിളകൾ ഉൾപ്പെടുത്തി അനുവദനീയമായ വിസ്തൃതിയിൽ വിള വൈവിധ്യവത്ക്കരണവും നടപ്പാക്കിവരുന്നു.

സംസ്ഥാന ഫാമിംഗ് കോർപ്പറേഷന്റെ പഴയതും ഉത്പാദന ക്ഷമത കുറഞ്ഞതുമായ റബ്ബർ മരങ്ങൾ ഘട്ടങ്ങളായി മുറിച്ചു മാറ്റി റീപ്ലാന്റിംഗ് നടത്തുന്ന സമയത്ത് പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ചിതൽവെട്ടി എസ്റ്റേറ്റിലെ റീപ്ലാന്റിംഗ് ഏരിയയിൽ ആദ്യഘട്ടത്തിൽ 3 ഹെക്ടർ സ്ഥലത്ത് പൈനാപ്പിൾ ഇടവിള കൃഷിയോടൊപ്പം റമ്പൂട്ടാൻ, മാങ്കോസ്റ്റീൻ, ഹൈബ്രിഡ് ഇനം പ്ലാവ് തുടങ്ങിയ ഫലവൃക്ഷ തൈകൾ വച്ചു പിടിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (PCK) ന്റെ കീഴിലുള്ള വിവിധ എസ്റ്റേറ്റുകളിൽ ഫലവിള കൃഷി നടപ്പാക്കി വരുന്നു. കൊടുമൺ, ചന്ദനപ്പള്ളി എസ്റ്റേറ്റുകളിലായി 1000-ൽപ്പരം കായ്ഫലമുള്ള റമ്പൂട്ടാൻ മരങ്ങൾ നിലവിലുണ്ട്. കൊടുമൺ, ചന്ദനപ്പള്ളി, ചീമേനി എന്നീ എസ്റ്റേറ്റുകളിൽ വാണിജ്യാടിസ്ഥാനത്തിൽ പ്ലാവ് കൃഷി നടത്തി, പന്ത്രണ്ടോളം ചക്ക ഇനങ്ങൾ വിപണിയിൽ എത്തിക്കുന്നു. ചന്ദനപ്പള്ളി, പേരാമ്പ്ര എസ്റ്റേറ്റുകളിൽ കുടംപുളിയും കൂടാതെ പുനർനടീൽ പ്രദേശങ്ങളിൽ പൈനാപ്പിൾ ഇടവിള കൃഷിയും നടപ്പിലാക്കിവരുന്നു.

**(ബി)** തോട്ടവിളകൾക്കൊപ്പം ഫലവൃക്ഷ കൃഷിയും വ്യാപകമാക്കി പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** തോട്ടങ്ങളുടെ അടിസ്ഥാന സ്വഭാവം നിലനിർത്തിക്കൊണ്ട് ഫലവൃക്ഷ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനാവശ്യമായ വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 2(44) പ്രകാരം തേയില, കാപ്പി, കൊക്കോ, ഏലം, റബ്ബർ, കറുവപ്പട്ട എന്നിവ കൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഭൂമിയാണ് തോട്ടഭൂമിയായി നിർവചിച്ചിട്ടുള്ളത്. ഉയർന്ന വാണിജ്യസാധ്യതയുള്ള ഫലവിളകൾ പ്ലാന്റേഷൻ ഭൂമിയിൽ കൃഷി ചെയ്യുന്നതിന് നിലവിൽ നിയമപരമായ പരിമിതികളുണ്ട്. വിഷൻ 2031 ൽ ഉൾപ്പെടുത്തി തോട്ടങ്ങളിൽ ഫലപ്രദമായ ഭൂവിനിയോഗം ഉറപ്പുവരുത്താനും, മുന്തിയ ഇനം പഴങ്ങൾ കൃഷി ചെയ്യാനും, ഭൂപരിഷ്കരണ നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരാനും സർക്കാർ ലക്ഷ്യമിടുന്നു.

തോട്ടങ്ങളുടെ അടിസ്ഥാന സ്വഭാവം നിലനിർത്തിക്കൊണ്ട് ഭൂവിനിയോഗ കാര്യക്ഷമതയും വരുമാന വർദ്ധനവും ഉറപ്പാക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിൽ ഫലവൃക്ഷ കൃഷിയും ഇടവിള കൃഷിയും പ്രോത്സാഹിപ്പിച്ചു വരുന്നു. പ്രധാന തോട്ടവിളകൾക്ക് യാതൊരു ഭംഗവും വരുത്താതെ കുറഞ്ഞ പരിപാലന ചെലവും ഉയർന്ന സാമ്പത്തിക പ്രതിഫലവും നൽകുന്ന ഫലവിളകൾക്ക് മുൻഗണന നൽകിക്കൊണ്ട് അനുയോജ്യമായ വിളകൾ ഉൾപ്പെടുത്തി അനുവദനീയമായ വിസ്തൃതിയിൽ വിള വൈവിധ്യവത്കരണവും നടപ്പാക്കിവരുന്നു. കേരളത്തിലെതോട്ടംമേഖലയിലെവൈവിധ്യവൽക്കരണവുംനവീകരണവുംസംബന്ധിച്ച്ഇന്ത്യൻഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IIM)കോഴിക്കോട് നടത്തിയ പഠനറിപ്പോർട്ടിൽ, നിലവിൽഅനുവദനീയമായവിളകൾക്ക്പുറമേ മറ്റ് ദീർഘകാലവിളകളും കൃഷി ചെയ്യുന്നതിന് അനുമതി നൽകുന്നതിനുള്ള നിയമഭേദഗതി നടപ്പിലാക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. തോട്ടം ഭൂമിയിൽ വിള വൈവിധ്യവൽക്കരണം നടപ്പിലാക്കുന്നതിന് 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 81(4)-ൽ ഭേദഗതി വരുത്തി കൂടുതൽ ഇളവുകൾ അനുവദിക്കുന്നതിനും, നിലവിലുള്ള വിളകൾക്ക് പുറമെ കുറഞ്ഞത് 10 വർഷം ആയുർദൈർഘ്യമുള്ള ലാഭകരമായ മറ്റ് വിളകൾ കൂടി കൃഷി ചെയ്യാൻ അനുവദിക്കുന്നതിനായി സെക്ഷൻ 2(44)-ൽ ഭേദഗതി വരുത്തുന്നതിനുമായുള്ള നിർദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

നിയമഭേദഗതികൾ പ്രാബല്യത്തിൽ വരുന്നതോടെ കൃഷി വകുപ്പിനു കീഴിലുള്ള വിവിധ പദ്ധതികളിലും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള (SHM-Kerala) മുഖേന നടപ്പാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിലും ഉൾപ്പെടുത്തി ഫലവൃക്ഷ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

ഫലകൃഷി ഉൾപ്പടെയുള്ള കാർഷിക പ്രവർത്തനങ്ങളിൽ സ്ത്രീകളെ ശാക്തീകരിക്കുന്ന തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിനും സർക്കാർ ആലോചിക്കുന്നുണ്ട്.

തോട്ടങ്ങളുടെ അടിസ്ഥാന സ്വാഭവം നിലനിർത്തിക്കൊണ്ട് ഭൂവിനിയോഗ കാര്യക്ഷമതയും വരുമാന വർധനവും ഉറപ്പാക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിൽ ഫലവൃക്ഷ കൃഷിയും ഇടവിള കൃഷിയും പ്രോത്സാഹിപ്പിച്ചുവരുന്നു. പ്രധാന തോട്ടവിളകൾക്ക് യാതൊരുവിധ ഭംഗവും വരുത്താതെ കുറഞ്ഞ പരിപാലന ചെലവും ഉയർന്ന സാമ്പത്തിക പ്രതിഫലവും നൽകുന്ന ഫല വിളകൾക്ക് മുൻഗണന നൽകിക്കൊണ്ട് അനുയോജ്യമായ വിളകൾ ഉൾപ്പെടുത്തി അനുവദനീയമായ വിസ്തൃതിയിൽ വിള വൈവിധ്യവത്ക്കരണവും നടപ്പാക്കിവരുന്നു.

സംസ്ഥാന ഫാമിംഗ് കോർപ്പറേഷന്റെ പഴയതും ഉത്പാദന ക്ഷമത കുറഞ്ഞതുമായ റബ്ബർ മരങ്ങൾ ഘട്ടങ്ങളായി മുറിച്ചു മാറ്റി റീപ്ലാന്റിംഗ് നടത്തുന്ന സമയത്ത് പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ചിതൽവെട്ടി എസ്റ്റേറ്റിലെ റീപ്ലാന്റിംഗ് ഏരിയയിൽ ആദ്യഘട്ടത്തിൽ 3 ഹെക്ടർ സ്ഥലത്ത് പൈനാപ്പിൾ ഇടവിള കൃഷിയോടൊപ്പം റമ്പൂട്ടാൻ, മാങ്കോസ്റ്റീൻ, ഹൈബ്രിഡ് ഇനം പ്ലാവ് ഉടങ്ങിയ ഫലവൃക്ഷ തൈകൾ വച്ചു പിടിപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (PCK) ന്റെ കീഴിലുള്ള വിവിധ എസ്റ്റേറ്റുകളിൽ ഫലവിള കൃഷി നടപ്പാക്കി വരുന്നു. കൊടുമൺ, ചന്ദനപ്പള്ളി എസ്റ്റേറ്റുകളിലായി 1000-ൽപ്പരം കായ്ഫലമുള്ള റമ്പൂട്ടാൻ മരങ്ങൾ നിലവിലുണ്ട്. കൊടുമൺ, ചന്ദനപ്പള്ളി, ചീമേനി എന്നീ എസ്റ്റേറ്റുകളിൽ വാണിജ്യാടിസ്ഥാനത്തിൽ പ്ലാവ് കൃഷി നടത്തി, പന്ത്രണ്ടോളം ചക്ക ഇനങ്ങൾ വിപണിയിൽ എത്തിക്കുന്നു. ചന്ദനപ്പള്ളി, പേരാമ്പ്ര എസ്റ്റേറ്റുകളിൽ കുടംപുളിയും കൂടാതെ പുനർനടീൽ പ്രദേശങ്ങളിൽ പൈനാപ്പിൾ ഇടവിള കൃഷിയും നടപ്പിലാക്കിവരുന്നു.

**(സി)** ഫലവൃക്ഷ കൃഷി വ്യാപകമാകുന്നതോടെ കർഷകർക്കും തോട്ടം ഉടമകൾക്കും പുറമെ ഭക്ഷ്യസംസ്കരണ, വിപണന, കാർഷിക സംരംഭക മേഖലകൾക്കും പ്രയോജനം ലഭ്യമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**<u>മറുപടി:</u>** ഉണ്ട്.

ഇത് ഫലവിളകളെ അടിസ്ഥാനമാക്കിയുള്ള ഭക്ഷ്യസംസ്കരണം മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം, സംഭരണം, പാക്കേജിംഗ്, വിപണനം, കയറ്റുമതി എന്നീ മേഖലകളുടെ വളർച്ചയ്ക്കും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകരമാകുന്നു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിൽ വിളവെടുപ്പാനന്തര സംസ്കരണം, പ്രാഥമിക സംസ്കരണ യൂണിറ്റുകൾ, മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ, റീട്ടെയിൽ ഔട്ട്ലെറ്റുകൾ, സെക്കന്ററി പ്രോസസ്സിംഗ് യൂണിറ്റുകൾ ഉടങ്ങിയവയ്ക്ക് വിശദമായ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ (DPR) ധനസഹായം ലഭ്യമാക്കിവരുന്നു. കേരള കാർഷിക സർവകലാശാല ഫലവർഗ്ഗങ്ങളെ അടിസ്ഥാനമാക്കി വികസിപ്പിച്ചെടുത്തിട്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്ന സാങ്കേതികവിദ്യകൾ, ഉൽപ്പാദിപ്പിക്കുന്ന പഴങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും അവയെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനുമുള്ള ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും അതിലൂടെ കാർഷിക സംരംഭകത്വത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വഴിയൊരുക്കുന്നു. ഫലവൃക്ഷ കൃഷി വ്യാപകമാകുന്നതോടെ ഉയർന്ന വിപണിമൂല്യമുള്ള റംബുട്ടാൻ, മാങ്കോസ്റ്റീൻ, ലോംഗൻ, അഭിയു, ഡ്രാഗൺഫ്രൂട്ട്ഉടങ്ങിയഫലവിളകളുടെകൃഷിയിലൂടെ തോട്ടംമേഖലയിലെ വൈവിധ്യവൽക്കരണത്തിനുംകർഷകരുടെയുംതോട്ടംഉടമകളുടെയുംഅധികവരുമാനത്തിനുംഅവസരംസൃഷ്ടിക്കപ്പെടും. തോട്ടവിളകളെ മാത്രം ആശ്രയിക്കാതെ അധിക വരുമാന സ്രോതസ്സുകൾ സൃഷ്ടിക്കാൻ കർഷകർക്കും തോട്ടം ഉടമകൾക്കും സാധിക്കുന്നു. ഇത് റബ്ബർ ഉൾപ്പെടെയുള്ള തോട്ടവിളകളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും ഉൽപ്പാദന ഇടിവും മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒരു പരിധിവരെ മറികടക്കുന്നതിനും ഇത് സഹായകമാകും

**സെക്ഷൻ ഓഫീസർ**